**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരോത്പാദന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരോത്പാദന വർദ്ധനവിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ